## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 839 — 28.2.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

**ചോദ്യം**

**ശ്രീ. കെ.എസ്. ശബരീനാഥൻ**

**,, അൻവർ സാദത്ത്**

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം നിലവിലെത്രയാണ് എന്ന് അറിയിക്കാമോ ;

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2018 ജനുവരി 31 ... 35,06,909 (മുപ്പത്തിയഞ്ച് ലക്ഷത്തി ആറായിരത്തി തൊള്ളായിരത്തി ഒമ്പത് ...) തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പേര് രജിസ്റ്റർ ചെയ്ത് ഇരുപത് വർഷം കഴിഞ്ഞവരെപ്പോലും ഒരു ഇന്റർവ്യൂവിന് വിളിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ കൂടുതലും SSLC യും +2 വും അതിനു താഴെ യോഗ്യതയുള്ളവരാണ്. എന്നാൽ ഇത്ര യോഗ്യതയുള്ളവരെ നാമനിർദ്ദേശം ചെയ്യുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം കുറവാണ്. ഇതു കാരണത്താൽ ഇരുപതു വർഷവും അതിൽ കൂടുതലും സീനിയോറിറ്റി ഉള്ള ഉദ്യോഗാർത്ഥികളെ പലപ്പോഴും പരിഗണിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്

(സി) 2016 ലും, 2017 ലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് അറിയിക്കാമോ; ഓരോ വർഷവും നിയമനം ലഭിക്കുന്നവരുടെ എണ്ണം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(സി) 2016-ലും, 2017-ലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ കണക്ക് താഴെപ്പറയും പ്രകാരമാകുന്നു.

2016 - 10,358 (പതിനായിരത്തി മുന്നൂറ്റി അൻപത്തിയെട്ട്)

2017 - 11,640 (പതിനൊന്നായിരത്തി അറുന്നൂറ്റി നാൽപ്പത്) 2016-നെ അപേക്ഷിച്ച് 2017-ൽ 1282 പേർക്ക് അധിക നിയമനം ലഭിച്ചതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ചെറുപ്പക്കാർ തൊഴിലിനായി കാത്തിരിക്കുമ്പോൾ സംസ്ഥാന സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ രാഷ്ട്രീയ പരിഗണനയുടെ പേരിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഏതാനും ചില സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാന... ദിവസവേതനാടിസ്ഥാനത്തിലും നി... നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ... സ്ഥാപനങ്ങളിൽ 1959 – ലെ കമ്പൽ... നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്... പ്രകാരം പരിശോധന നടത്തുകയും. ... ദിവസവേതനാടിസ്ഥാനത്തിലുള്ള അനധി... നിയമനങ്ങൾ നടന്നിട്ടുള്ള പക്ഷം അ... നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെ... എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുന്ന... ഉദ്യോഗദായകർക്ക് നിർദ്ദേശം നൽകു... ചെയ്തിട്ടുണ്ട്.

സർക്കാർ/ അർദ്ധ സർക്കാർ/ബോർഡ്/ക... കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളി... പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽ... പ്പെടാത്ത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ... എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവ... നിർബന്ധമായും പ്രയോജനപ്പെടുത്തണമെ... അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവി... ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതി... കർശന നടപടിയെടുക്കുന്നതാണെന്നും സർക്കാർ 26.12.2016-ൽ 104693/ജി2/2016/... പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറി കടന്ന് നിയമനം നടത്തിയതിന് ഏതെങ്കിലും വകുപ്പ് അദ്ധ്യക്ഷൻമാർക്ക് ഈ സർക്കാർ നിലവിൽ വന്നശേഷം നോട്ടീസ് നൽകിയിട്ടുണ്ടോ. വിശദാംശം നൽകാമോ?

(ഇ) നൽകിയിട്ടില്ല. എന്നാൽ എംപ്ലോയ്മെന്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്പൽസറി നോട്ടിഫിക്കേഷൻ ... വെക്കൻസീസ് ആക്ട് 1959 പ്രകാരം വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോഴും അനധികൃത നിയമനം സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ നടത്തുന്ന അന്വേഷണത്തിലും കരാർ ദിവസ വേതനാടിസ്ഥാനത്തിലുള്ള അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ

അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ച് [illegible] ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുമുണ്ട്.

സെക്ഷൻ ഓഫീസർ